നിറവ് പദ്ധതി

141 (3111) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിറവ് പദ്ധതി ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ആറ്റിങ്ങൽ മണ്ഡലത്തിൽ നിറവ് പദ്ധതി നടപ്പിലാക്കുന്നത് ഏത് ഘട്ടത്തിലായെന്ന് വ്യക്തമാക്കാമോ ;

(സി) നിറവ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ട് തയ്യാറാക്കുന്നത് ആരാണെന്നും ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം നൽകേണ്ട ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി ആറ്റിങ്ങൽ മണ്ഡലത്തിൽ എന്നു മുതൽ നടപ്പിലാക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2014-15 വർഷത്തിൽ നിറവ് പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത നിയോജക മണ്ഡലങ്ങളുടെ ലിസ്റ്റിൽ ആറ്റിങ്ങൽ നിയോജക മണ്ഡലം ഉൾപ്പെട്ടിട്ടുണ്ട്. ഇതിനായി പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) പ്രാരംഭ ഘട്ടം.

(സി) സ്ഥലം എം.എൽ.എ.-യുടെ നേതൃത്വത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ചേരുന്ന യോഗത്തിൽ ടി മണ്ഡലത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുംവിധം പദ്ധതികൾ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ തയ്യാറാക്കുകയും അംഗീകരിക്കപ്പെടുന്ന പ്രോജക്ടുകൾ പദ്ധതി പ്രദേശത്ത് നടപ്പിലാക്കുകയും ചെയ്യുന്നു. ഇത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം നൽകാൻ പ്രത്യേക ഏജൻസികളൊന്നും നിലവിലില്ല. കൃഷി വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) പദ്ധതി അംഗീകാരവും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് നിറവ് പദ്ധതി ആറ്റിങ്ങൽ മണ്ഡലത്തിൽ നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly